"ഭരണഭാഷ മാതൃഭാഷ"

DIRECTORATE OF WOMEN AND CHILD DEVELOPMENT POOJAPPURA-695 012 2 NOV

**കേരള സർക്കാർ** 013357

**സംഗ്രഹം**

WEC-1

**സാമൂഹ്യനീതി വകുപ്പ്- മഹിളാ മന്ദിരങ്ങളിൽ അമ്മമാരോടൊപ്പം പ്രവേശിക്കപ്പെടുന്ന കുട്ടികളുടെ പ്രായപരിധി 10 വയസ്സാക്കി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.531/2020/സാ.നീ.വ** **തീയതി, തിരുവനന്തപുരം,07/10/2020**

---

പരാമർശം: വനിതാ ശിശു വികസന ഡയറക്ടറുടെ 13.12.2019 ലെ ഡബ്ല്യുഇസി-1/18246/19-ാം നമ്പർ കത്ത്.

**ഉത്തരവ്**

പതിമൂന്നാം കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച നിയമ സഭാ സമിതിയുടെ 1-ാമത് റിപ്പോർട്ടിലെ 9-ാം നമ്പർ ശുപാർശയിൽ മഹിളാ മന്ദിരങ്ങളിൽ അമ്മമാരോടൊപ്പം താമസിച്ചു വരുന്ന കുട്ടികളുടെ പ്രായപരിധി 10 വയസ്സായി ഉയർത്തുന്നതിന് ശുപാർശ ചെയ്തിരുന്നു. വനിതാ ശിശു വികസന വകുപ്പിന് കീഴിൽ 12 മഹിളാ മന്ദിരങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, ദുരിത ബാധിതരും അഗതികളായ നോക്കുവാനാരുമില്ലാത്ത പതിമൂന്ന് വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾ എന്നിവരെയാണ് ഈ സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുന്നത്. കുട്ടികളുമായി സ്ഥാപനത്തിലെത്തുന്ന സ്ത്രീകൾക്ക് കുട്ടിയ്ക്ക് 6 വയസ്സ് ആകുന്നതുവരെ കൂടെ താമസിപ്പിക്കുന്നതിനുള്ള അനുവാദമുണ്ട്. എന്നാൽ കുട്ടികളുടെ ശരിയായ വളർച്ചയ്ക്കും സംരക്ഷണത്തിനും അമ്മയുടെ സാമീപ്യം അത്യന്താപേക്ഷിതമാകയാൽ മഹിളാ മന്ദിരങ്ങളിൽ പ്രവേശിക്കപ്പെടുന്ന അമ്മമാരുടെ 10 വയസ്സു വരെ പ്രായമുള്ള കുട്ടികളെ കൂടി അമ്മമാരോടൊപ്പം മഹിളാ മന്ദിരങ്ങളിൽ താമസിപ്പിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് വനിതാ ശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം പരിശോധിച്ചു. പതിമൂന്നാം കേരള നിയമ സഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച നിയമ സഭാ സമിതിയുടെ 1-ാമത് റിപ്പോർട്ടിലെ 9-ാം നമ്പർ ശുപാർശ പരിഗണിച്ച്, മഹിളാ മന്ദിരങ്ങളിൽ പ്രവേശിക്കപ്പെടുന്ന

അമ്മമാരുടെ 10 വയസ്സ വരെ പ്രായമുള്ള കുട്ടികളെ കൂടി അമ്മമാരോടൊപ്പം മഹിളാ മന്ദിരങ്ങളിൽ താമസിപ്പിക്കുന്നതിനുള്ള അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സെക്രട്ടറി**

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Seenan

സെക്ഷൻ ഓഫീസർ